# പതിമൂന്നാം കേരള നിയമസഭ

## ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2984 — 15.02.2013ൽ മറുപടിയ്ക്ക്

## എഞ്ചിനീയറിംഗ് കോളേജുകളിലെ പഠനനിലവാരത്തകർച്ച

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. പി.സി. ജോർജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ഉന്നത. വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ മികച്ച നിലവാരം പുലർത്താത്ത കോളേജുകൾ ഏതെല്ലാമെന്ന് നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം പ്രവർത്തിക്കുന്ന കോളേജുകൾ ഏതെല്ലാമാണ്; | (എ) ബഹുമാനപ്പെട്ട ഹൈക്കോടതി സംസ്ഥാനത്തെ സ്വാശ്രയ മേഖലയിലെ 23 എഞ്ചിനീയറിംഗ് കോളേജുകൾ നിലവാരം കുറഞ്ഞ വയായി പരാമർശം നടത്തിയിട്ടുണ്ട്. അവയുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഇപ്രകാരം നിലവാരം ഇല്ലാത്ത കോളേജുകളിലേയ്ക്ക് സർക്കാർ ലിസ്റ്റിൽനിന്ന് അലോട്ട്മെന്റ് നടത്തിയിരുന്നോ;<br>വിശദാംശങ്ങൾ നൽകുമോ; | (ബി) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ കോളേജുകളിലും അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്. |
| (സി) പ്രസ്തുത കോളേജുകളുടെ പഠനനിലവാരത്തകർച്ചയ്ക്ക് കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ; | (സി) പരിശോധിച്ചിട്ടുണ്ട്.സ്വാശ്രയ എൻജിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പഠന നിലവാരം ഉയർത്തുന്ന തിനുവേണ്ടി 11-01-2013-ലെ G.O.(Rt) No.44/13/H.Edn, പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

അത് പ്രകാരം ഒന്നും രണ്ടും സെമസ്റ്റർ പാസാകുന്നവർക്ക് മാത്രമേ ആറാമത്തെ സെമസ്റ്ററിലേയ്ക്കും മൂന്നും നാലും സെമസ്റ്റർ പാസാകുന്നവർക്ക് മാത്രമേ എട്ടാമത്തെ സെമസ്റ്ററിലേയ്ക്കും അഡ്മിഷൻ അനുവദിക്കുകയുള്ളൂ. കൂടാതെ 31-01-2012-ലെ സർക്കാർ ഉത്തരവ് നം.217/12/H.Edn, 19-12-2012-ലെ സർക്കാർ ഉത്തരവ് നം.2702/12/H.Edn എന്നിവ പ്രകാരം ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) **മേൽ സാഹചര്യത്തിൽ 2013-14 അധ്യയനവർഷം മുതൽ വിജയശതമാനം കുറഞ്ഞ കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് നടത്തുന്നതിന് പ്രത്യേകം മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്ന തിന് നടപടി സ്വീകരിക്കുമോ?**

(ഡി) ഒന്ന് രണ്ട് വർഷങ്ങളിൽ (ഏതെങ്കിലും ഒരു വർഷം)25 ശതമാനവും മൂന്നാം വർഷം 30 ശതമാനവും നാലാം വർഷം 35 ശതമാനവും വിജയം ഇല്ലാത്ത കോളേജുകൾക്ക് 2013-14 വർഷം പുതിയതായി വിദ്യാർത്ഥികളെ പ്രവേശിപ്പിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

| Sl.No. | Name of the Colleges | University |
|---|---|---|
| 1. | Malabar Institute of Technology, Anjarakandy | Kannur University |
| 2. | Sadguru Swamy Nithyananda Institute of Technology, Kanhangad | Kannur University |
| 3. | Sarabhai Institue of Science and Technology, Vellanad, Thiruvananthapuram | CUSAT |
| 4. | M.G. College of Engineering | CUSAT |
| 5. | Co-operative Institute of Technology, Vadakara | CUSAT |
| 6. | TKM Institute of Technology | CUSAT |
| 7. | College of Engineering, Munnar | CUSAT |
| 8. | College of Engineering, Thrikarippur | CUSAT |
| 9. | College of Engineering, Karunagappally | CUSAT |
| 10. | College of Engineering, Attingal | CUSAT |
| 11. | College of Engineering, Cherthala | CUSAT |
| 12. | College of Engineering, Kottarakkara | CUSAT |
| 13. | Mount Zion College of Engineering | M.G. University |
| 14. | Caarmal College of Engineering, Ranni | M.G. University |
| 15. | Musaliar College of Engineering, Pathanamthitta | M.G. University |
| 16. | Matha College of Engineering, North Paravur | M.G. University |
| 17. | Baselious Mathews II College of Engineering, Sasthamcotta | Kerala University |
| 18. | Shahul Hameed Memorial College of Engineering, Kadakkal, Kollam | Kerala University |
| 19. | Muslim Association College of Engineering, Venjarammood, Thiruvananthapuram | Kerala University |
| 20. | Younus College of Engineering & Technology, Vadakkevila, Kollam | Kerala University |
| 21. | Mary Matha College of Engineering & Technology, Paliyode, Thiruvananthapuram | Kerala University |
| 22. | P.A. Aziz College of Engineering, Thiruvananthapuram | Kerala University |
| 23. | College of Engineering & Management, Punnapra, Alappuzha | Kerala University |

സെക്ഷൻ ഓഫീസർ